(സി) കഞ്ചിക്കോട് വിൻഡ് ഫാമിലെ മൂന്ന് മെഷീനുകൾ അറ്റകുറ്റപ്പണികൾക്കായി നിർത്തിവച്ചിരിക്കുകയാണ്. ബ്രഹ്മപുരം കോഴിക്കോട് നിലയങ്ങളുടെ ഉത്പാദനശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ ഓഫ് പീക്ക് സമയങ്ങളിൽ വൈദ്യുതിയുടെ ഉപയോഗവും കേന്ദ്ര വിഹിതമായി കിട്ടുന്ന വൈദ്യുതിയും കണക്കിലെടുത്തുകൊണ്ട് ഉല്പാദനം ക്രമീകരിക്കുന്നുണ്ട്. ബി.എസ്.ഇ.എസ് നിലയം ഇതുവരെ വ്യാപാരാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിച്ചിട്ടില്ല. കായംകുളം എൻ.ടി.പി.സി.യുടെ മൂന്നാമത്തെ യൂണിറ്റിൽ പരീക്ഷണാടിസ്ഥാനത്തിൽ മാത്രമേ ഉത്പാദനം നടക്കുന്നുള്ളു. മറ്റു രണ്ട് യൂണിറ്റുകളിൽ നിന്നും ആവശ്യാനുസരണം പരമാവധി വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

(ഡി) ആന്റ് (ഇ) സ്ഥിരമായി ഒരു പദ്ധതിയും നിർത്തി വയ്ക്കേണ്ടി വന്നിട്ടില്ല. താത്കാലിക അറ്റകുറ്റപ്പണികൾക്കു വേണ്ടി ആവശ്യാനുസരണം ചില മെഷീനുകൾ നിർത്തിവയ്ക്കേണ്ടി വരാറുണ്ട്.

കണ്ണൂർ ജില്ലയിൽ 33 കെ.വി. സബ്സ്റ്റേഷനുകൾ

110 (277) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് 33 കെ.വി.സബ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) ആലക്കോട്, ഒടുവള്ളിത്തട്ട് എന്നിവിടങ്ങളിലെ 33 കെ.വി. സബ് സ്റ്റേഷനുകൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പുതിയതെരു, തോട്ടട, പഴശ്ശി, പുത്തൂർ, തോലാംപ്ര, കുറ്റീയാട്ടൂർ, പയ്യന്നൂർ ടൗൺ, പരിയാരം, നാട്ടുകാണി, ആലക്കോട് എന്നീ പ്രദേശങ്ങളിലാണ് 33 കെ.വി.സബ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) മുകളിൽ സൂചിപ്പിച്ച സബ് സ്റ്റേഷനുകളിൽ 6 എണ്ണത്തിന്റെ ജോലികൾക്കുള്ള ഉത്തരവ് ലാർസൺ ആന്റ് ടുബ്റോ കമ്പനിക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള നാല് സബ് സ്റ്റേഷന്റെ ജോലികൾക്കുള്ള ദർഘാസ് വിളിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ആലക്കോട് 33 കെ.വി. സബ് സ്റ്റേഷൻ 2001 മാർച്ച് മാസം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒടുവള്ളിത്തട്ട് എന്ന സ്ഥലത്ത് 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly